## പതിനാലാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2886 07.02.2018 ലെ മറുപടിയ്ക്ക്

## കാസർഗോഡ് തിരുവനന്തപുരം ദേശീയപാത നാലുവരിയാക്കാനുള്ള പ്രവൃത്തിയുടെ പുരോഗതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ.കുഞ്ഞിരാമൻ<br>ശ്രീ. മുരളി പെരുനെല്ലി<br>ശ്രീ.പുരുഷൻ കടലുണ്ടി<br>ശ്രീ.ബി.സത്യൻ | ശ്രീ.ജി.സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | കാസർഗോഡ് തിരുവനന്തപുരം ദേശീയപാത നാലുവരിയാക്കാനുള്ള പ്രവൃത്തിയുടെ പുരോഗതി അറിയിക്കാമോ;സ്ഥലം ഏറ്റെടുക്കുന്നത് പൂർത്തിയായിട്ടുണ്ടോ; | (എ) | കേരളത്തിലെ ദേശീയ പാതകളിൽ തലപ്പാടി മുതൽ ഇടപ്പള്ളി വരെയും ചേർത്തല മുതൽ തിരുവനന്തപുരം വരെയുമുള്ള ദേശീയ പാത 45 മീറ്റർ ROW യിൽ 4/6 വരി പാതയായി വികസിപ്പിക്കാനാണ് ഉദ്ദേശിക്കുന്നത്. ഇതിന്റെ ചുമതല NHAI യ്ക്കാണ്. വിശദമായ പദ്ധതി രൂപ രേഖ തയ്യാറാക്കൽ അവസാന ഘട്ടത്തിലാണ്. സ്ഥലം ഏറ്റെടുക്കൽ പൂർത്തിയായിട്ടില്ല. |
| (ബി) | ഹൈവേകളുടെയും മറ്റു റോഡുകളുടെയും സംരക്ഷണവും അറ്റകുറ്റപ്പണിയും കാര്യക്ഷമമായി നടത്തുന്നതിനായി സ്വീകരിച്ച നടപടികൾ അറിയിക്കാമോ;പരാതി പരിഹാരസെല്ലിലൂടെ നടത്തുന്ന ഇടപെടൽ വിശദമാക്കാമോ; | (ബി) | കേരളത്തിലെ ദേശീയപാതയുടെ പുനരുദ്ധാരണവും അറ്റകുറ്റപണികളും കേന്ദ്ര റോഡ് ഗതാഗത മന്ത്രാലയത്തിന്റെ മാനദണ്ഡങ്ങൾ അനുസരിച്ചാണ് നടപ്പിലാക്കുന്നത്. അതനുസരിച്ച് അറ്റകുറ്റപണി/റീസർഫസിംഗ് ആവശ്യമായ റോഡുകൾക്ക് എസ്റ്റിമേറ്റ് തയ്യാറാക്കി കേന്ദ്രത്തിൽ സമർപ്പിച്ച് അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് പ്രവൃത്തികൾ നടപ്പാക്കി, റോഡ് ഗതാഗത യോഗ്യമായി നിലനിർത്തി വരുന്നു. പൊതുമരാമത്ത് വകുപ്പ് റോഡുകൾ, പാലങ്ങൾ, കെട്ടിടങ്ങൾ ദേശീയപാത, കെ.എസ്.റ്റി.പി. കേരള |

റോഡ് ഫണ്ട് ബോർഡ് എന്നിവയുമായി ബന്ധപ്പെട്ട പരാതികൾ സ്വീകരിക്കുന്നതിനായാണ് പരാതി പരിഹാരസെൽ പ്രവർത്തിക്കുന്നത്. ഇതിൽ സ്വീകരിക്കുന്ന പരാതികൾ അതത് സബ്ഡിവിഷനിലെ അസിസ്റ്റന്റ് എക്സി:എൻജിനീയർക്ക് പരാതിയുടെ വിശദവിവരങ്ങൾ നൽകുകയും തുടർന്ന് പരാതിയിന്മേൽ അസിസ്റ്റന്റ് എക്സി:എൻജിനീയർ സ്വീകരിക്കുന്ന നടപടികൾ പരാതിക്കാരനെ ബോധിപ്പിക്കുകയും ചെയ്യുന്നു. നടപടി സ്വീകരിച്ച് വിശദമായ റിപ്പോർട്ട് പരാതി പരിഹാരസെല്ലിൽ നിർബന്ധമായും ഓരോ ആഴ്ചയും അസിസ്റ്റന്റ് എക്സി.എൻജിനീയർ നൽകുകയും മന്ത്രി തലത്തിൽ ഇത് പരിശോധിച്ചും വരുന്നു.

(സി) പൊതുമരാമത്തുവകുപ്പിനു കീഴിലുള്ള പാലങ്ങളിൽ 73 ശതമാനം പുനർനിർമ്മാണമോ അറ്റകുറ്റപ്പണികളോ ബലപ്പെടുത്തലോ ആവശ്യമായുള്ളതാണെന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കൈക്കൊണ്ടിട്ടുള്ള നടപടികൾ അറിയിക്കാമോ?

(സി) കേരളത്തിലെ ദേശീയപാതയിൽ വരുന്ന എല്ലാ പാലങ്ങളുടേയും സർവ്വേ നടത്താൻ കേന്ദ്രഗതാഗത മന്ത്രാലയം M/s TPF Engineering Pvt. Ltd ഉം (പഴയ പേര് M/s SN Bhobe &Associates Pvt.Ltd) ആയി കരാറിൽ ഏർപ്പെടുത്തിയിട്ടുണ്ട്. M/s TPF Engineering Pvt.Ltd ന്റെ ആദ്യഘട്ട സർവ്വേയുടെ കണക്ക് പ്രകാരം അറ്റകുറ്റപ്പണി,ബലപ്പെടുത്തൽ, പുതുക്കിപ്പണിയൽ എന്നിവ ആവശ്യമായ 14 പാലങ്ങളുണ്ട്.14 പാലങ്ങളിൽ 11 പാലങ്ങൾ പൊതുമരാമത്ത് വകുപ്പ് ദേശീയപാതാ വിഭാഗത്തിന് കീഴിലാണ്. ഇവയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു. എസ്റ്റിമേറ്റ് കേന്ദ്ര സർക്കാരിൽ സമർപ്പിച്ച്അംഗീകാരം ലഭിച്ചാൽ മാത്രമേ പ്രവൃത്തികൾക്ക് ആവശ്യമായ തുകയും പ്രവൃത്തി ആരംഭിക്കാനുള്ള സമയവും അറിയാൻ കഴിയുകയുള്ളൂ.

പൊതുമരാമത്ത് നിരത്തുകളും പാലങ്ങളും വിഭാഗത്തിന്റെ കീഴിൽ വരുന്ന പുനർ നിർമ്മാണം, പുനരുദ്ധീരണം എന്നിവ ആവശ്യമുള്ളതായ പാലങ്ങളുടെ ഇൻവെസ്റ്റിഗേഷൻ/വിശദമായപരിശോധന എന്നിവ നടത്തി ഡി.പി.ആർതയ്യാറാക്കി ഭരണാനുമതി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ പാലങ്ങളുടെ അറ്റകുറ്റപ്പണികൾക്കായുള്ള

ഭരണാനുമതി നൽകുന്നതിനുള്ള പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചു വരുന്നു.

**സെക്ഷൻ ഓഫീസർ**